ശ്രീ. കെ. ഐ. വേലായുധൻ : 1954-ൽ അങ്ങിനെ ഒരു കരാർ ഉണ്ടാക്കിയതുകൊണ്ടു് കൂടുതലായി ഉൽപ്പാദിപ്പിക്കുന്ന വിദ്യുച്ഛക്തിക്കു് റായൽറ്റി നമ്മൾക്കു തരുന്നതാണു്.

ശ്രീ. എം. വി. ചെറിയാൻ : തിരുവിതാംകൂർ-കൊച്ചിയിലെ നദീജലം ഉപയോഗപ്പെടുത്തുന്നതിനു എന്തെങ്കിലും സ്കീമുകളെപ്പറ്റി ഇപ്പോൾ ഗവണ്മെൻറു് അന്വേഷണം നടത്തിയിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അന്വേഷണങ്ങൾ എല്ലാം നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. എം. വി. ചെറിയാൻ : നമ്മുടെ സംസ്ഥാനത്തെ പ്രധാന നദികളിൽ നിന്നും ഒഴുകിപ്പോകുന്ന വെള്ളം മുഴുവനും ഉപയോഗപ്പെടുത്തുന്നതിലേയ്ക്കും, വെള്ളപ്പൊക്കം ഉണ്ടാകാതിരിക്കുന്നതിനും മുൻ ചീഫ് ഇൻജിനീയറായിരുന്ന ശ്രീ. വെങ്കിടകൃഷ്ണൻ സമർപ്പിച്ചിട്ടുള്ള ഒരു റിപ്പോർട്ട് ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങിനെ ഒരു റിപ്പോർട്ട് അങ്ങനെ ലഭിച്ചിട്ടില്ല.

ശ്രീ. എ. എ. ശിവരാമഭാരതി : മദ്രാസ് ഗവണ്മെൻറ് പറമ്പിക്കുളം എന്ന സ്ഥലത്തു് ഒരു ഡാം കെട്ടി തുടങ്ങാൻ പോകുന്നവിവരം ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങിനെ കേൾക്കുന്നതു ശരിയല്ല.

തിരുവനന്തപുരത്തെ കെട്ടിടനിർമ്മാണപദ്ധതി.

* 3. [3] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനർവ്വിഭജനം ചെയ്യപ്പെടുമ്പോൾ തിരുവനന്തപുരത്തുനിന്നും തലസ്ഥാനം മാറ്റേണ്ടിവരുമെന്നു മുൻവിധിയോടുകൂടി തിരുവനന്തപുരം സിറ്റിയിൽ ആരംഭിക്കുവാൻ ഉദ്ദേശിച്ചിരുന്ന കെട്ടിടനിർമ്മാണപദ്ധതികൾ ഗവണ്മെൻറ് നിറുത്തിവയ്ക്കുകയുണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം കെട്ടിടനിർമ്മാണപദ്ധതികളാണ് അപ്രകാരം നിറുത്തിവയ്ക്കുവാൻ ഉത്തരവായിട്ടുള്ളതു് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കയർ തൊഴിലാളികളുടെ മിനിമം വേജസ്.

* 4. [4] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ തൊഴിലാളികളുടെ മിനിമം വേജസ് നടപ്പിൽവരുത്തിയിട്ടു് ഇപ്പോൾ എത്ര നാളുകളായി ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവനന്തപുരം താലൂക്കിൽ കണിയാപുരം, മുരുക്കുംപുഴ, കഠിനംകുളം, തുടങ്ങിയ പ്രദേശങ്ങളിൽ ഇതുവരെയും കയർ തൊഴിലാളികൾക്ക് മിനിമം വേജസ് നടപ്പിൽ വരുത്തിയിട്ടില്ലെന്നുള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ മിനിമംവേജസ് നടപ്പിൽ വരുത്താത്ത കയർ മുതലാളിമാരുടെ പേരിൽ ഗവണ്മെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ) :

(എ) കയർ തൊഴിലാളികളുടെ മിനിമം വേജസ് നടപ്പിൽ വരുത്തിയിട്ട് ഇപ്പോൾ 10 മാസം കഴിഞ്ഞു.

(ബി) കണിയാപുരം, മുരുക്കുംപുഴ, കഠിനംകുളം തുടങ്ങിയ പ്രദേശങ്ങളിൽ ഇതുവരെയും കയർതൊഴിലാളികൾക്ക് മിനിമം വേജസ് നടപ്പിൽ വരുത്തിയിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. വി. ശ്രീധരൻ : പത്തു മാസം കഴിഞ്ഞിട്ടും തിരുവിതാംകൂർ-കൊച്ചിയിൽ ഒരിടത്തും ഇതു നടപ്പിൽ വരുത്തിയിട്ടില്ലെന്നുള്ള വസ്തുത ഗവണ്മെൻറിനറിവുണ്ടോ ?

ശ്രീ. എ. ജെ. ജാൻ: അങ്ങനെ അറിവില്ല. ചില സ്ഥലങ്ങളിൽ മിനിമം വേജസ് കൊടുക്കുന്നതിനു വ്യവസായികവിവാദമുണ്ടായി. എന്നായാലും ഓരോ സ്ഥലത്തും അവിടത്തെ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടന്മാരെ ക്ലെയിംസ് അതാറിറ്റീസ് ആയി നിയമിച്ചിട്ടുണ്ട്. അവർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

ശ്രീ. വി. ശ്രീധരൻ : തിരുവനന്തപുരം താലൂക്കിൽ മിനിമംവേജസു അത്യാവശ്യപ്പെട്ട കയർ തൊഴിലാളികളെ പിരിച്ചുവിട്ടതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെടുത്തിയിട്ട് ഗവണ്മെൻറ് ഇതുവരെ യാതൊന്നും ചെയ്തിട്ടില്ല എന്നറിയാമോ ?

ശ്രീ. എ. ജെ. ജാൻ : മിനിമം വേജസു് സംബന്ധിച്ചു് അന്വേഷണം നടത്തുന്നതിനായി ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടു്. അവരുടെ അഭിപ്രായറിപ്പോർട്ട് വന്നിട്ടുണ്ടു്. അതേപ്പറ്റി ഗവണ്മെൻറ് അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. വി. ശ്രീധരൻ : ഈ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവണ്മെൻറിനു് ലഭിച്ചു കഴിഞ്ഞിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൻ : അവരുടെ ഒരു റിപ്പോർട്ട് ആദ്യത്തേതായി വന്നിട്ടുണ്ടു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : മിനിമം വേജസ് കൊടുക്കുന്നുണ്ടോ എന്നുള്ളതിനെക്കുറിച്ചന്വേഷിക്കുന്നതിനാണോ ?

ശ്രീ. എ. ജെ. ജാൻ : അതേ, കൊടുക്കാതിരിക്കുന്നതിനുള്ള കാരണങ്ങളെപ്പറ്റി അന്വേഷിക്കുന്നതിനും മറ്റുമാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കുട്ടപ്പൻ കോയിക്കൽ : പ്രാഥമിക റിപ്പോർട്ട് എന്നാണ് കിട്ടിയത് ?

ശ്രീ. എ. ജെ. ജാൺ : കുറെ നാളായി. രണ്ടാമത്തെ റിപ്പോർട്ട് കിട്ടിയിട്ടില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : മിനിമം വേജസ് കൊടുക്കുന്നില്ലെന്ന സംഘടനകളിൽ നിന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അതേപ്പറ്റി പറയാൻ നിവൃത്തിയില്ല. അവർ ഗവണ്മെൻറിലേയ്ക്ക് പരാതികൊടുക്കേണ്ട. ക്ലെയിംസ് അതാറിറ്റിസിനു പരാതികൊടുത്താൽ മതിയാകും.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഇതിലേയ്ക്ക് മിനിമം വേജസ് ഇൻസ്പെക്ഷനെ നിയമിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഉണ്ട്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : എത്ര പേരെ നിയമിച്ചിട്ടുണ്ട് ?

ശ്രീ. എ. ജെ. ജാൺ : അതു നിശ്ചയമില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഇതു സംബന്ധിച്ച് അവരുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഇല്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : മുതലാളിമാർ മിനിമംവേജസ് നിയമം ലംഘിച്ചതായി അവരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അങ്ങിനെ റിപ്പോർട്ട് കിട്ടിയതായി അറിവില്ല.

ശ്രീ. ടി. എ. മജീദ് : ഇതേ സംബന്ധിച്ച് അന്വേഷണങ്ങൾ നടത്താൻ ലേബർ ഉദ്യോഗസ്ഥന്മാർക്ക് അധികാരമുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ക്ലെയിംസ് അതാറിറ്റിസിന്റെ അടുത്ത് പരാതി കൊടുത്താൽ അതേപ്പറ്റി അവർ അന്വേഷണം നടത്തും.

ശ്രീ. ടി. എ. മജീദ് : അതല്ല എനിക്ക് അറിയേണ്ടത്; ലേബർ ഉദ്യോഗസ്ഥന്മാർക്ക് നടപടി നടത്താൻ അധികാരമുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഉണ്ടോ എന്ന് എനിക്ക് നിശ്ചയമില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള : ക്ലെയിംസ് അതാറിറ്റിസിന്റെ അടുക്കൽ പരാതികൊടുക്കുന്ന അവസരത്തിൽ അവർക്ക് ഇതു സംബന്ധിച്ചു ഒന്നും അറിവില്ല എന്ന് പറയുന്നതിന്റെ കാരണമെന്താണ് ?

ശ്രീ. എ. ജെ. ജാൺ : അതേപ്പറ്റി അറിഞ്ഞുകൂടാ എന്ന് അവർ പറയുമെന്നു തോന്നുന്നില്ല. ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേട്ടന്മാർ, അവർക്കുള്ള അധികാരങ്ങൾ എന്തെല്ലാമെന്ന് വായിച്ച് മനസ്സിലാക്കാൻ കഴിവുള്ളവരാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദിവാകരൻ : ഈ ക്ലെയിംസ് അതാറിറിസിനല്ലാതെ ഇൻസ്പെക്ടറന്മാർക്ക് ഇതേ സംബന്ധിച്ച് നടപടിനടത്താൻ അധികാരമില്ലേ ?

ശ്രീ. എ. ജെ. ജാൺ : അതേപ്പറ്റി അന്വേഷിച്ചു പറയാം.

ശ്രീ. ടി. കെ. ദിവാകരൻ : മിനിമം വേജസ് നടപ്പിലാക്കാത്തതിനെ സംബന്ധിച്ച് പുനഃപരിശോധന ചെയ്യാൻ നിയമിച്ച കമ്മറിയുടെ റിപ്പോർട്ട് ഗവണ്മെൻറിനു കിട്ടിയിട്ടില്ലേ ?

ശ്രീ. എ. ജെ. ജാൺ : പൂർണ്ണറിപ്പോർട്ട് കിട്ടിയതായി അറിവില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഇതിലേക്ക് നിയമിച്ച അഡ്വൈസറി ബോർഡിൻറെ റിപ്പോർട്ട് കിട്ടിയിട്ടില്ലേ ?

ശ്രീ. എ. ജെ. ജാൺ : രണ്ടാമത്തെ റിപ്പോർട്ട് കിട്ടിയിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ : രണ്ടാമത്തെ റിപ്പോർട്ടിൻറെ ആവശ്യമില്ലെന്നറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അവരുടെ പ്രഥമ റിപ്പോർട്ടിൽ അടുത്ത ഭാഗം ഉടനെ സമർപ്പിക്കുന്നതാണെന്ന് എടുത്തു പറഞ്ഞിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : അഡ്വൈസറി ബോർഡിലെ ഒരംഗമെന്ന നിലയ്ക്ക് അങ്ങനെ രണ്ടാമതൊരു റിപ്പോർട്ടില്ല എന്നു പറഞ്ഞാൽ വിശ്വസിക്കുമോ ?

ശ്രീ. എ. ജെ. ജാൺ : അതു വിശ്വസിക്കാം.

ശ്രീ. ടി. കെ. ദിവാകരൻ : ഒന്നാം റിപ്പോർട്ടനുസരിച്ച് ഗവണ്മെൻറ് പര്യാലോചിക്കുമോ ?

ശ്രീ. എ. ജെ. ജാൺ : ആലോചിക്കാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : മിനിമം വേജസ് നടപ്പാക്കുന്നതിനുവേണ്ടി ഷെഡ്യൂൾഡ് തൊഴിലാളി സംഘടനകൾ എവിടെ എങ്കിലും സമരം നടത്തുന്നതായി അറിയാമോ ?

ശ്രീ. എ. ജെ. ജാൺ : സമരം നടത്തുന്നില്ല എന്നു മാത്രം അറിയാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : കണ്ടശ്ശാംകടവിൽ ഇതു സംബന്ധിച്ച് ഒരു സമരം നടന്നുവരുന്നതായി അറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അതു സമരമാണെന്നു തോന്നുന്നില്ല. ഉടമസ്ഥൻറെ ചക്രിക്കുഴിയിൽ ബലമായി ആളുകൾ കയ്യേറി എന്നുള്ളതു് അറിയാം.

പുതിയ വിദ്യാലയങ്ങൾ.

* 5. [5] ശ്രീ. ആർ. ബാലകൃഷ്ണ പിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) 1955-56-ലേയ്ക്ക് പുതുതായി ആരംഭിക്കുന്നതിനുള്ള എത്ര വിദ്യാലയങ്ങൾക്ക് ഗവണ്മെൻറ് അനുവാദം നൽകിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly